**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2793

19.12.2012 ൽ മറുപടിക്ക്

**ഗസ്റ്റ് ഹൗസുകളിലെ ഭക്ഷണ വിലവിവരപട്ടിക**

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | കേരള വനം വകുപ്പിന്റെയും ഐ.ആർ.സി.റ്റി.സി യുടെയും ഒരു ലിറ്റർ പാക്ക്ഡ് ഡ്രിങ്കിംഗ് വാട്ടർ പത്ത് രൂപയ്ക്ക് വിപണിയിൽ ലഭിക്കുമ്പോൾ സർക്കാർ ഗസ്റ്റ് ഹൗസുകളിൽ പതിനഞ്ച് രൂപ ഈടാക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; നിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ; | എ) | വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ് ഹൗസുകളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വില നിശ്ചയിക്കപ്പെട്ടിരിക്കുന്നത് 11/10/2007 ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.സ്) 467/2007/TSM അനുസരിച്ചാണ്. ഈ ഉത്തരവിൻ പ്രകാരം മിനറൽ വാട്ടറിന്റെ വില 15രൂപ ആണ്. ഗസ്റ്റ് ഹൗസിലെ ഭക്ഷ്യവില നിരക്ക് പുതുക്കി നിശ്ചയിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | നിലവിൽ ഗസ്റ്റ് ഹൗസുകളിൽ നിശ്ചയിച്ചിരിക്കുന്ന കാറ്ററിംഗ് ചാർജിൽ ഇൻഗ്രീഡിയന്റ് കോസ്റ്റ് , ലാഭം എന്നിവ ഒരോന്നിന്റെയും ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ; | സി) | നിലവിൽ ഗസ്റ്റ് ഹൗസുകളിലെ കാറ്ററിംഗ് ചാർജ്ജ് 2007 ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അതിന് ശേഷം നിലവിൽ ഭക്ഷ്യ വസ്തുക്കൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ചെലവ് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.2007 ലെ വില നിലവാരത്തിനനുസരിച്ച് തയ്യാറാക്കപ്പെട്ട കാറ്ററിംഗ് ചാർജ്ജുമായി താരതമ്യം ചെയ്ത് ഇപ്പോഴത്തെ ലാഭം, ഇൻഗ്രീഡിയന്റ് കോസ്റ്റ് എന്നിവ കണക്കാക്കുവാൻ സാധിക്കുകയില്ല. |
| ഡി) | ഗസ്റ്റ് ഹൗസുകളിലെ ഡൈനിംഗ് ഹാളിലും റിസപ്ഷൻ ഏരിയായിലും ഭക്ഷണ വില വിവരപട്ടിക അടങ്ങുന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രദർശിപ്പിക്കാൻ നടപടി സ്വികരിക്കുമോ; ഇത് സംബന്ധിച്ച് വിജിലൻസിന്റെ ശുപാർശ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) | 11/10/2007 ലെ ജി ഒ (എം എസ് ) 467/2007/ടൂറിസം പ്രകാരം ഭക്ഷണ വില വിവര പട്ടിക പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലക്കാട് ഗവ.ഗസ്റ്റ് ഹൗസിലെ മെസിന്റെ പ്രവർത്തനം സംബന്ധിച്ച് ചില ആക്ഷേപങ്ങൾ വിജിലൻസ് വകുപ്പ് ചൂണ്ടികാണിച്ചതനുസരിച്ച് ടൂറിസം വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ